പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ–സംഗ്രഹം

2007 മാർച്ച് 5, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) കേരള പിറവിയുടെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പദ്ധതികൾ

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, കേരള പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയാണ് ഉദ്ഘാടനം ചെയ്തതെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ, എയർ ഇന്ത്യയുടെ ഹാങ്കർ യൂണിറ്റ് എന്നിവയ്ക്ക് തറക്കല്ലിട്ടുകൊണ്ടാണ് പരിപാടിക്കു തുടക്കം കുറിച്ചത്. ഓരോ വകുപ്പും അവയുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങളും നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പദ്ധതികൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട

വകുപ്പുകൾതന്നെ തുക കണ്ടെത്തി സംവിധാനം ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. പദ്ധതി ഏറ്റെടുക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക താത്പര്യം എടുത്തുവരികയാണ്. കേരളത്തിന്റെ വികസനത്തിൽ തല്പരരായിട്ടുള്ള എല്ലാ വിഭാഗം ആളുകളേയും സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തിക്കാനാണ് ഓരോ വകുപ്പും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. അതിന് എവിടെയെങ്കിലും സഹകരണമുണ്ടായിട്ടില്ലെ ങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാരം കാണാവുന്നതാണ്. കേരള പിറവിയുടെ 50-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലും ഗ്രാമ പഞ്ചായത്തുകളിലും നിർമ്മിക്കുന്ന സ്മാരകങ്ങൾ പുതിയ തലമുറയ്ക്ക് സ്മരണ പ്രകാശനം ചെയ്യാൻ കഴിയുന്ന വിധത്തിലു ള്ളതായിരിക്കണം. ഏതെങ്കിലും പഞ്ചായത്തുകൾ നിർമ്മിച്ചിട്ടുള്ള സ്മാരക ങ്ങൾ മോശമാണെന്നുകണ്ടാൽ അത് തിരുത്താവുന്നതും പണത്തിന് ദൗർല ഭ്യമുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാ വുന്നതുമാണ്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണ ത്തിൽ നേരിടുന്ന തടസ്സങ്ങൾ അതാതു പ്രദേശത്തെ കളക്ടറും ഉദ്യോഗ സ്ഥരും ചേർന്ന് സൗഹൃദപൂർവമായ ചർച്ചകളിലൂടെ പരിഹരിച്ച് വരുന്ന വർഷം മധ്യത്തോടെയെങ്കിലും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീ ക്ഷിക്കുന്നത്. 50 വർഷംകൊണ്ട് കേരളത്തിന്റെ സമസ്ത മേഖലകളിലു മുണ്ടായിട്ടുള്ള നേട്ടങ്ങളും സംസ്ഥാനത്തെ നവീകരണത്തിലേയ്ക്കു നയിച്ച കാര്യങ്ങളും കേരളത്തിനകത്തും പുറത്തുമുള്ള ജനതയ്ക്ക് മനസ്സിലാക്കി ക്കൊടുക്കത്തക്ക തരത്തിൽ സവിസ്തരം പ്രതിപാദിക്കുന്ന ഒരു ചരിത്രഗ്രന്ഥം തയ്യാറാക്കുന്നതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്. ഇതിനായി മുൻഗവൺമെന്റ് നിയോഗിച്ചവരെ മാറ്റേ

ണ്ടതുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. കേരള പിറവിയുടെ സുവർണ്ണ ജൂബിലി പ്രമാണിച്ച് വികലാംഗരായവരുടെ താൽക്കാലിക ജോലി സ്ഥിരപ്പെടുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ഇന്നത്തെ സാഹചര്യത്തിൽ ജയിലുകളിൽ കഴിയുന്ന മൂന്നുമാസം വരെ തടവുശിക്ഷ അനുഭവിച്ചിട്ടുള്ളവർക്ക് 15 ദിവസം എന്നുതുടങ്ങി 14 വർഷംവരെ കഴിഞ്ഞ ആളുകൾക്ക് രണ്ടുവർഷവും എന്നരീതിയിൽ ശിക്ഷയിളവ് ഉൾപ്പെടെയുള്ള ആശ്വാസ നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടു വരുന്നത്. വയനാട് ജില്ലയിൽ പച്ചക്കറി കൃഷി നടത്തുന്നതിനുവേണ്ടിയുള്ള പ്രാഥമികമായ പ്രവർത്തനം കൃഷിവകുപ്പ് ആരംഭിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സമോ വിഷമമോ വരികയാണെങ്കിൽ അതിന് കേന്ദ്രഗ വൺമെന്റിന്റെ സഹായം തേടുന്നതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ മാതൃ കാപരമായി പ്രവർത്തിച്ചവർക്ക് പ്രത്യേക പരിഗണന നൽകുന്നതുമാണ്. കേരള–കർണാടക അതിർത്തിയായ മഞ്ചേശ്വരത്ത് ഒരു പ്രവേശന കവാടം സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. തിരുവനന്ത പുരത്ത് തൈക്കാടുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് കുറവുള്ള ഒരു കോടി രൂപകൂടി അനുവദിക്കുന്ന കാര്യം പരിശോധിച്ചു വേണ്ടതുചെയ്യുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞു.

2 (*2) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

നിയന്ത്രിക്കാൻ നടപടി

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, അവശ്യസാധന നിയമം (1955-ലെ ഇ.സി. ആക്ട്) 2002-ൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് പൊതുവിപണിയിൽ നിയമപരമായി ഇടപെടുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടെന്ന് സഭയെ അറിയിച്ചു. രാജ്യത്താകെ പടർന്നുപിടിച്ച നാണയപ്പെരുപ്പവും ബഹുരാഷ്ട്ര കുത്തകകളുടെ റീട്ടെയിൽ സെക്ടറിലുള്ള പ്രവേശനവുംമൂലമുണ്ടായ വിലക്കയറ്റത്തിന്റെ പ്രതിഫലനങ്ങൾ കേരളത്തിലും സംജാതമായി. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ 870 മാവേലി സ്റ്റോറുകൾ, 216 ലാഭം സ്റ്റോറുകൾ, 1345 ശബരി സ്റ്റോറുകൾ, 10 ശബരി സൂപ്പർ മാർക്കറ്റുകൾ, 6 മൊബൈൽ മാവേലി സ്റ്റോറുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അവശ്യ സാധനങ്ങൾ വ്യാപകമായി വിതരണം ചെയ്തുവരുന്നു. സപ്ലൈകോ വഴി വിൽക്കുന്ന സാധനങ്ങളുടെ വില 2006 ജനുവരി മുതൽ കൂട്ടിയിട്ടില്ലെന്ന് മാത്രമല്ല ചില സാധനങ്ങളുടെ വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. കൺസ്യൂമർ ഫെഡിന്റെ ശക്തമായ ഇടപെടലുകളും ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. പൊതു കമ്പോളത്തിലെ എല്ലാ കടകളിലും വിലവിവര പട്ടിക പ്രദർശിപ്പിക്കാൻ നിഷ്ക്കർഷിച്ചും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2007 ഫെബ്രുവരി മാസത്തിൽ 2570 റെയ്ഡുകൾ നടത്തിയതിൽ 411 കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം വരുന്നതിന് മൂന്നു മാസം മുമ്പുതന്നെ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം വിലയിരുത്തുന്നുണ്ട്. വിലനിലവാരം പിടിച്ചുനിറുത്തുന്നതിന്റെ ഭാഗമായി വ്യാപാരി-വ്യവസായി സംഘടനകളുമായും ഹോട്ടൽ ആന്റ് റസ്റ്റാറന്റ് അസോസിയേഷനുമായും ബന്ധപ്പെട്ട മറ്റു സംഘടനകളുമായും മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയും ചർച്ചകൾ നടത്തുകയും അതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി സപ്ലൈകോയുടെ ഭാഗത്തുനിന്നുള്ള. മാർക്കറ്റ് ഇന്റർവെൻഷന്റെ തോത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചുകൊണ്ട് 10 മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുകയും അതിൽ ആറെണ്ണം പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കഴിഞ്ഞ രണ്ടുമാസത്തിനിടയിൽ 16 മാവേലി സ്റ്റോറുകൾ ആരംഭിക്കുകയും കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി അനുവദിച്ച 30 കോടി രൂപയിൽ 20 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 37 കോടിരൂപകൂടി പുതുതായി അലോട്ട് ചെയ്യാൻ തീരുമാനമായിട്ടുണ്ട്. അനുവദിച്ചതും സ്റ്റാഫിന്റെ അപര്യാപ്തതമൂലം പ്രവർത്തിക്കാതിരിക്കുന്നതുമായ മാവേലിസ്റ്റോറുകളിൽ ആവശ്യമായ സ്റ്റാഫിനെ അനുവദിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. മാവേലി സ്റ്റോറുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുകയും പച്ചക്കറി

സുലഭമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വെട്ടിക്കുറച്ച മണ്ണെണ്ണ, പാചക വാതകം, ഗോതമ്പ് എന്നിവയുടെ ക്വാട്ട പുന:സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമെന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അറിയിച്ചിട്ടുണ്ട്. റേഷൻ കടക്കാരുടെ കമ്മിഷൻ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് മുൻഗവൺമെന്റ് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, സഹകരണ മേഖല ഇവയെല്ലാം സംയുക്തമായി വിലനിലവാരം നിയന്ത്രിക്കുന്നതിൽ സ്ഥിരമായി ഇടപെടുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. ആന്ധ്രാപ്രദേശ്, കർണ്ണാടക, ഒറീസ്സ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നിത്യോപയോഗ സാധനങ്ങൾ നേരിട്ടു വാങ്ങുന്നതിനുള്ള കരാറുകൾ ഒപ്പിടുന്ന ഒരു പുതിയ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മാവേലി സ്റ്റോറുകൾ ആധുനികവൽക്കരിച്ചും പൊതുവിതരണസമ്പ്രദായം കാര്യക്ഷമമാക്കിയും ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ വെല്ലുവിളികൾ ഫലപ്രദമായി നേരിടാൻ കഴിയുമെന്ന ശുഭപ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. കഴിഞ്ഞ കൊയ്ത്തുകാലത്ത് സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കേരളത്തിലെ കർഷകർക്ക് കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് എത്ര രൂപവേണമെങ്കിലും അനുവദിക്കാൻ തയ്യാറാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. പച്ചക്കറിയുടെ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നുതന്നെ അവ സംഭരിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ജില്ലകളെ പച്ചക്കറി ഉല്പാദന ജില്ലകളായി പ്രഖ്യാപിച്ചുകൊണ്ട് ഹോർട്ടികോർപ്പിന്റെ

പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി ഏതാനും വർഷങ്ങൾക്കകം പച്ച ക്കറിയുടെ കാര്യത്തിൽ കേരളത്തിന് സ്വയംപര്യാപ്തത നേടാൻ കഴിയുമെ ന്നാണ് പ്രതീക്ഷിക്കുന്നത്. സപ്ലൈകോയുടെ എല്ലാ ഔട്ട്ലറ്റുകളിൽ നിന്നും ക്വാളിറ്റി കുറഞ്ഞ സാധനങ്ങൾ മാറ്റുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടു ണ്ടെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി പറഞ്ഞു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

3 (*3) <u>സ്മാർട്ട് സിറ്റി പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപി ക്കുന്നത് സംബന്ധിച്ചുള്ള കരാർ തയ്യാറാക്കുന്നതിനുവേണ്ടി ദുബായ് ഇന്റർ നെറ്റ്സിറ്റി അധികൃതരുമായി ചർച്ചകൾ നടന്നുവരുന്നുണ്ടെന്നറിയിച്ചു. ഇതിലെ വ്യവസ്ഥകളുടെ പൂർണ്ണരൂപമായിട്ടില്ലെങ്കിലും സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകളിൽ ചിലത് അംഗീകരിക്കാമെന്ന് ടീകോം അധികൃതർ സമ്മതിച്ചിട്ടുണ്ട്. ഇൻഫോപാർക്ക് വിട്ടുകൊടുക്കില്ലെന്നും അത് സർക്കാർ ഉടമസ്ഥതയിൽതന്നെ നിലനിർത്തി വികസിപ്പിക്കുമെന്നുമുള്ള നില പാട് അംഗീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ സ്മാർട്ട് സിറ്റിക്കുപുറത്ത് മറ്റ് ഐ.ടി. പാർക്കുകൾ പാടില്ലെന്ന നിലപാട് മാറ്റുവാൻ സമ്മതിച്ചിട്ടുണ്ട്. **26** ശതമാനം സർക്കാർ ഷെയർ തത്വത്തിൽ അംഗീകരിക്കുകയും ആദ്യഘട്ടം **16** ശതമാനം ഷെയർ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടീകോം കമ്പനിയുടെ ചെയർമാൻ സ്ഥാനം സർക്കാർ പ്രതിനിധിക്കായിരിക്കു മെന്നും ധാരണയായിട്ടുണ്ട്.

4 (*6) ടെക്നോസിറ്റി പദ്ധതി

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം താലൂക്കിലെ പള്ളിപ്പുറം, ആണ്ടൂർക്കോണം, മേൽതോന്നയ്ക്കൽ, വെയിലൂർ എന്നീ വില്ലേജുകളിൽനിന്നുമായി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തി 507 ഏക്കർ ഭൂമി ടെക്നോസിറ്റി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, ഐ.റ്റി.ഇ.എസ്., മറ്റ് അനുബന്ധ വ്യവസായങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബിസിനസ്സ് സ്കൂൾ, റസിഡൻഷ്യൽ കോംപ്ലക്സസ്, ഷോപ്പിംഗ്മാൾ, മറ്റ് വിനോദോപാധികൾ തുടങ്ങി വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങളാണ് ടെക്നോസിറ്റി പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ടെക്നോസിറ്റി സ്ഥാപിക്കുന്നതുമൂലം ഏകദേശം ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും മൂന്ന് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5 (*8) എ.ഡി.ബി. വായ്പയ്ക്കായുള്ള ഉപാധികൾ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, 2005 നവംബർ 14–നും 2006 ഡിസംബർ 8–നും എ.ഡി.ബി.യുമായി കരാർ ഒപ്പുവച്ചിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് ഹാനികരമല്ലാത്ത പദ്ധതിവായ്പകൾ സ്വീകരിക്കാമെന്നതാണ് സർക്കാരിന്റെ നിലപാടെന്നും അറിയിച്ചു. വായ്പയുടെ പലിശ ലണ്ടൻ ഇന്റർബാങ്ക് ഓഫോർഡ് റേറ്റ് (LIBOR) + 0.6 ശതമാനം ആയിരിക്കും; വായ്പ നിലവിൽ വരുന്നതിനുമുമ്പായി പദ്ധതി മാനേജ്മെന്റ് യൂണിറ്റ്, പദ്ധതി നിർവ്വഹണ യൂണിറ്റ് എന്നിവ നിലവിൽ വരുത്തുക; നഗരസഭകളിൽ 2006–07–ൽതന്നെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുക; കൗണ്ടർ പാർട്ട് ഫണ്ട് നഗരസഭയുടെ വാർഷിക ബഡ്ജറ്റിൽ

വകയിരുത്തുക; പദ്ധതി പ്രകാരം നടപ്പാക്കുന്നവയുടെ അറ്റകുറ്റപ്പണികളും പരിപാലനവും നടത്തുന്നതിനുള്ള വക നഗരസഭകൾ കണ്ടെത്തുക; നിലവിലുള്ള പൊതുടാപ്പുകൾ മാറ്റി വ്യക്തിഗത കണക്ഷനുകൾ നൽകുകയോ പൊതുടാപ്പുകളിൽ മീറ്റർ ഘടിപ്പിക്കുകയോ ചെയ്യുന്നതു സംബന്ധിച്ച ഒരു നയം **2007** മാർച്ചിനകം സ്വീകരിക്കുക എന്നിവയാണ് ഇതുസംബന്ധിച്ച ചില പ്രധാന ഉറപ്പുകൾ. **2007** ഏപ്രിൽ മാസത്തോടുകൂടി വായ്പയുടെ ആദ്യഗഡു ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

6 (*15) <u>പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 11 പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകിയിട്ടുള്ളതിനുപുറമേ ടെമ്പിൾവാലി ഫാംസ് ആന്റ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്-ആലുവ (എറണാകുളം); യൂണിടെക് ലാന്റ് മാർക്ക് ബിൽഡേഴ്സ്-ഉത്താരിപീതാംപുരം (ന്യൂഡൽഹി); കൊച്ചിൻ ടെക്നോപാർക്ക് (കൊച്ചി), എൽ.എം.ജെ. വെയർഹൗസിംഗ് പ്രൈവറ്റ് ലിമിറ്റഡ്-കാക്കനാട് (കൊച്ചി) എന്നീ നാല് സംരംഭകരും ഇതിനായി ഇന്ത്യാ ഗവൺമെന്റിനോട് ശുപാർശ ചെയ്യാൻ സംസ്ഥാന ഗവൺമെന്റിനോട് അപേക്ഷിച്ചിട്ടുണ്ടെന്നറിയിച്ചു. പ്രത്യേക സാമ്പത്തിക മേഖല സംബന്ധിച്ച സർക്കാരിന്റെ നിലവിലുള്ള നയം **17-6-2003** -ലെ ഉത്തരവു പ്രകാരമുള്ളതാണ്.

7 (*22) <u>ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ ഇതുവരെ **261571** കുടുംബങ്ങൾ പാലക്കാട്, വയനാട് ജില്ലകളിലായി രജിസ്റ്റർ ചെയ്യപ്പെട്ടി

ട്ടുണ്ടെന്നറിയിച്ചു. ഇതിൽ **198939** കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ വിതരണം ചെയ്യുകയും വിവിധ പ്രവൃത്തികളിലായി **1027126** തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും വേതനമായി **11.43** കോടി രൂപ തൊഴിലാളികൾക്ക് ബാങ്കുകളിലൂടെ വിതരണം നടത്തുകയും ചെയ്തു. പ്രത്യേക ഗ്രാമസഭകൾ ചേർന്ന് **24439** പ്രവൃത്തികൾ കണ്ടെത്തിയിട്ടുള്ളതിൽ **9686** പ്രവൃത്തികൾ ആരംഭിക്കുകയും **3196** പ്രവൃത്തികൾ പൂർത്തിയാക്കുകയും **6490** പ്രവൃത്തികൾ പുരോഗതിയിലുമാണ്. ഇതിനകം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഗ്രാമസഭാ അനിമേറ്റർമാർ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെട്ട **8276** പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി പാലക്കാട് ജില്ലയിൽ **677.09** ലക്ഷം രൂപയും വയനാട് ജില്ലയിൽ **651.47** ലക്ഷം രൂപയും ചെലവായിട്ടുണ്ട്. ഡൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിലെ ഇക്കണോമിക്സ് റിസർച്ച് ഗ്രൂപ്പ് (ഇ.ആർ.ജി.) നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതി മാതൃകാപരമെന്ന് കണ്ടെത്തിയിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1 & 2) <u>സെക്രട്ടേറിയറ്റിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം **2006** മേയ് മാസം മുതൽ **2007** ജനുവരിവരെയുള്ള കണക്കനുസരിച്ച് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി രണ്ട് വർഷത്തിനു മുകളിൽ പഴക്കമുള്ള **11063** ഫയലുകളും ഒരു വർഷത്തിനും രണ്ട് വർഷത്തിനുമിടയിൽ പഴക്കമുള്ള **14837** ഫയലുകളും ആറ് മാസം പഴക്കമുള്ള **79951** ഫയലുകളുമുൾപ്പെടെ ഏകദേശം **105851** ഫയലുകൾ തീർപ്പാക്കാനുണ്ട്.

2 (24) <u>കേന്ദ്രാവിഷ്കൃത പദ്ധതി</u>

**2006–07** വാർഷിക പദ്ധതി പരിപാടി പ്രകാരം നടപ്പുസാമ്പത്തിക വർഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്ന് **833.49** കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. **31–1–2007** വരെ ഈ ഇനത്തിൽ **614.95** കോടി രൂപ ലഭിച്ചിട്ടുണ്ട്.

3 (25 & 26) <u>2006–07–ലെ വാർഷിക പദ്ധതി</u>

**2006–07**–ലെ വാർഷിക പദ്ധതിയുടെ പുതുക്കിയ അടങ്കൽ തുകയായ **6680.62** കോടി രൂപയിൽ **2006** ഡിസംബർ **31** വരെ **2035.27** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

4 (37) <u>എസ്.സി/എസ്.ടി. വിഭാഗങ്ങളുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്</u>

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലായി എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തപ്പെടേണ്ട **992** ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

5 (129) <u>ലാഭം മാർക്കറ്റുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എരൂർ (കൊല്ലം), അയർക്കുന്നം (കോട്ടയം), തൊടുപുഴ, കുഞ്ചിത്തണ്ണി (ഇടുക്കി), കൊടുമൺ (പത്തനംതിട്ട), പെരുമ്പിള്ളിശ്ശേരി (തൃശ്ശൂർ), അങ്ങാടിപ്പുറം (മലപ്പുറം), പാറക്കടവ് (കോഴിക്കോട്) എന്നിവിടങ്ങളിൽ ലാഭം മാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തലവിള (തിരുവനന്തപുരം), കുണ്ടറ (കൊല്ലം), കോരുത്തോട് (കോട്ടയം), തോപ്രാംകുടി, അണക്കര എട്ടാം മൈൽ (ഇടുക്കി), കാർത്തികപ്പള്ളി (ആലപ്പുഴ), പൂക്കാട്ടുപടി, മഞ്ഞാളൂർ, കാഞ്ഞിരമറ്റം,

ചോറ്റാനിക്കര (എറണാകുളം), പയ്യന്നൂർ (കണ്ണൂർ) എന്നിവിടങ്ങളിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

6 (140) ഗ്യാസ് ഏജൻസികൾ

സംസ്ഥാനത്ത് **378** ഗ്യാസ് ഏജൻസികൾ നിലവിലുണ്ട്.

7 ( 156) തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച പദ്ധതി വിഹിതം

ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ള പദ്ധതി വിഹിതത്തിന്റെ വിശദാംശം താഴെക്കൊടുക്കുന്നു:

| തദ്ദേശഭരണ സ്ഥാപനങ്ങൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവ് (ശതമാനത്തിൽ) |
|---|---|---|
| കോർപ്പറേഷനുകൾ | **2246.73540** | **24** |
| മുനിസിപ്പാലിറ്റികൾ | **3279.42257** | **29** |
| ജില്ലാ പഞ്ചായത്തുകൾ | **5880.46** | **28.56** |
| ബ്ളോക്ക് പഞ്ചായത്തുകൾ | **7709.06201** | **38.67** |
| ഗ്രാമ പഞ്ചായത്തുകൾ | **26507.705** | **33.74** |

8 (164) കുടുംബശ്രീ പദ്ധതി

31-1-2007 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 177645 കുടുംബശ്രീ അയൽക്കൂട്ടങ്ങളിലായി 3667505 കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷം കുടുംബശ്രീ യൂണിറ്റുകൾ വഴി 128.51 കോടി രൂപ ത്രിഫ്റ്റ് ഇനത്തിൽ സ്വരൂപിക്കുകയും അതിൽനിന്ന് 414.84 കോടി രൂപ വായ്പയായി അംഗകുടുംബങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.